(ബി) സംസ്ഥാന പ്ലാൻ സ്കീമുകളിൽ നടപ്പിലാക്കാനുള്ള പുതിയ പദ്ധതികൾക്കായി പ്രത്യേകം തുകകൾ വേർതിരിച്ച് വകയിരുത്തിയിട്ടില്ല. അവ അതാത് ബഡ്ജറ്റ് ശീർഷകത്തിൽ വക കൊള്ളിച്ചിട്ടുള്ള തുകയിൽ നിന്നുമാണ് ചെലവഴിക്കേണ്ടത്. എന്നാൽ ഒറ്റത്തവണ ധനസഹായമായി അഡീഷണൽ സെൻട്രൽ അസിസ്റ്റൻസിൻകീഴിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും അവയ്ക്ക് നേരെ കാണിച്ചിരിക്കുന്ന തുകകൾ വക കൊള്ളിച്ചിട്ടുള്ളതുമാണ്.

		രൂപ ലക്ഷത്തിൽ
1.	സോയിൽ മോയിസ്ചർ കൺസർവേഷൻ ഇൻ സെലക്ടീവ് ഡിസ്ട്രിക്ട് ഓഫ് ഇടുക്കി, പാലക്കാട് & വയനാട്	700.00
2.	മാനേജ്മെന്റ് ഓഫ് പെരിയാർ & പറമ്പിക്കുളം ടൈഗർ റിസർവ്സ്	1000.00
3.	എസ്റ്റാബ്ലിഷിംഗ് ട്രീ ഗ്രോവേർസ് കോ-ഓപ്പറേറ്റീവ്സ്	200.00

പ്രസ്തുത പുതിയ പദ്ധതികൾക്കായി ഇതിനകം തുക ചെലവഴിച്ചിട്ടില്ല.

(സി) പ്രഖ്യാപനം അനുസരിച്ചുള്ള ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനും മഴനിഴൽ പ്രദേശങ്ങളെ ഹരിതാഭമാക്കുന്നതിനുമുള്ള പ്രോജക്ട് പ്രൊപ്പോസലുകൾ വനം വകുപ്പ് തയ്യാറാക്കി വരികയാണ്.

(ഡി) പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും പട്ടികവർഗ്ഗ യുവാക്കളെ ടൂറിസ്റ്റ് ഗൈഡുകളായി നിയോഗിക്കാൻ വേണ്ട പരിശീലനം നൽകുന്നതിനുമുള്ള പ്രോജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കി വരികയാണ്. മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് വനം വകുപ്പിന്റെ സൗത്ത് വയനാട് ഡിവിഷനിലെ ഇരുളം എന്ന സ്ഥലത്താണ്.

(ഇ) ഇല്ല.

വനം കയ്യേറ്റം

201 (7764) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം കയ്യേറ്റം, കടന്നുകയറ്റം, വേട്ടയാടൽ തുടങ്ങിയവ സംബന്ധിച്ച ധാരാളം പരാതികൾ വനം വകുപ്പിൽ കെട്ടിക്കിടക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ ; ഉണ്ടെങ്കിൽ ഓരോ ജില്ലയിലും കെട്ടിക്കിടക്കുന്ന പരാതികളുടെ എണ്ണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പരാതികൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനായി എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു ; വിശദാംശം നൽകാമോ ;

(ഡി) ഓരോ ജില്ലയിലും എത്ര വനം കയ്യേറ്റക്കാരെ ഒഴിപ്പിച്ചു ; എത്ര വനഭൂമി തിരിച്ചുപിടിച്ചു ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വനം കയ്യേറ്റം, വേട്ടയാടൽ തുടങ്ങിയവ സംബന്ധിച്ച പരാതികൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. ലഭ്യമായ വിവരമനുസരിച്ച് തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിൽ വനം കയ്യേറ്റം സംബന്ധിച്ച് 2 പരാതികളും വേട്ടയാടൽ സംബന്ധിച്ച് ഒരു പരാതിയും മാത്രമാണ് തീർപ്പാക്കാൻ ശേഷിക്കുന്നത്. എറണാകുളം ജില്ലയിലെ മലയാറ്റൂർ ഡിവിഷനിൽ മേൽ വിഷയവുമായി ബന്ധപ്പെട്ട് രണ്ട് പരാതികൾ നിലവിലുണ്ട്.

(ബി) പരാതികൾ ലഭിച്ചാൽ സമയബന്ധിതമായി വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികളും മറ്റ് വനം കുറ്റകൃത്യങ്ങൾക്കെതിരെ നിലവിലുള്ള നിയമപ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി & ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 871.671 ഹെക്ടർ വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു :

ജില്ല	എത്ര വനം കയ്യേറ്റക്കാർ	തിരിച്ച് പിടിച്ച വന ഭൂമി (ഹെക്ടർ)
പാലക്കാട്	24	8.083
തൃശ്ശൂർ	49	10.35
കണ്ണൂർ	3	0.60
ഇടുക്കി	175	339.9793
വയനാട്	1803	506.494
തിരുവനന്തപുരം	1	0.4047
മലപ്പുറം	8	5.76
ആകെ	2063	871.671

ആറളം വന്യജീവി ഡിവിഷനിൽ 1977-ന് ശേഷം കയ്യേറിയിട്ടുള്ളതും വനഭൂമിയിൽ താമസമില്ലാത്തതും വനത്തിന് പുറത്ത് ഭൂമിയുള്ളവരുമായി 5 വ്യക്തികൾ കയ്യേറിയിട്ടുള്ള 1.5 ഹെക്ടർ സ്ഥലത്തിൽ 2 ആളുകളുടെ കൈവശമുള്ള 0.6 ഹെക്ടർ സ്ഥലം ഇതിനകം ഒഴിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly